തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തെ വിഭജിക്കുവാൻ നടപടി

114 (3874) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വകുപ്പിന്റെ കാര്യക്ഷമത ഇല്ലായ്മയെക്കുറിച്ച് രോഗികളുടെയും ജനപ്രതിനിധികളുടെയും പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യത്തിലധികം സ്റ്റാഫ് നിലവിൽ ഉള്ളപ്പോഴും, ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതുമൂലം പ്രസ്തുത യൂണിറ്റിൽ നിന്നും രോഗികൾക്ക് മതിയായ ചികിൽസ ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗം മൂന്നോ, നാലോ യൂണിറ്റുകളായി വിഭജിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ആവശ്യത്തിലധികം ഡോക്ടർമാർ ഇല്ല. ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതുമൂലം ചില പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്.

(സി) പ്ലാസ്റ്റിക് സർജറി വിഭാഗം ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ആക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവിക്കെതിരെയുള്ള പരാതി

115 (3875) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവിയെക്കുറിച്ചും പ്രസ്തുത വിഭാഗത്തിൽ നിന്നും രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ആരിൽനിന്നെങ്കിലും സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിൽപ്പെട്ട നൂറനാട്, പടനിലം, ഏലിയാസ് നഗറിൽ നിർമ്മല ഭവനം ശ്രീ. ക്ലമന്റിന്റെ മകളുടെ മൂച്ചിറി പ്ലാസ്റ്റിക് സർജറി ചെയ്യുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ നിന്നും നേരിടേണ്ടിവന്ന ദുരിതങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീ. ക്ലമന്റിന്റെ മകളെ ഓപ്പറേഷൻ തീയേറ്ററിൽ കയറ്റിയതിനു ശേഷം ഓപ്പറേഷൻ നടത്താതെ നിർബന്ധപൂർവ്വം ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ കെടുകാര്യസ്ഥത മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത് ;

(ഇ) ശ്രീ. ക്ലമന്റിന്റെ പരാതിയിന്മേൽ ബന്ധപ്പെട്ട വകുപ്പ് മേധാവിക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട് വില്ലേജിൽ പടനിലം കടരുയം നിർമ്മല ഭവനത്തിൽ ക്ലമന്റ് തന്റെ മകളുടെ മുച്ചിറി പ്ലാസ്റ്റിക് സർജറി നടത്തുന്നതു സംബന്ധിച്ച് ഉണ്ടായി എന്ന് പറയപ്പെടുന്ന സംഭവത്തെ സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. അതിന്മേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(സി-ഇ) ശ്രീ. ക്ലമന്റിന്റെയും മറ്റുള്ളവരുടെയും പരാതികളുടെ നിജസ്ഥിതി അറിയുന്നതിനും മേൽ നടപടിയ്ക്കും വേണ്ടി മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥ ആയി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സാനിട്ടറി റൗണ്ട്സ് സമ്പ്രദായം പുനഃസ്ഥാപിക്കാൻ നടപടി

116 (3876) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സാനിട്ടറി റൗണ്ട്സ് സമ്പ്രദായം നടപ്പിലാക്കിയിരുന്നുവോ ; ഈ സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ സമ്പ്രദായം നിർത്തലാക്കാൻ ഉള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സാനിട്ടറി റൗണ്ട്സ് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സാനിട്ടറി റൗണ്ട്സ് സമ്പ്രദായം നടപ്പിലാക്കിയിരുന്നു. കുറച്ചുകാലം അതിന് ഭംഗം സംഭവിച്ചു. എന്നാൽ ഇപ്പോൾ വീണ്ടും പുനരാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly